LIBRARY ARCHIVES Kerala Legislative Assembly

നിയോജകമണ്ഡലം ആസ്തിവികസന പദ്ധതി ഫണ്ട് ഉപയോഗിച്ച് ബസുകൾ വാങ്ങുന്ന പദ്ധതി

332 (338) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലം ആസ്തിവികസന പദ്ധതി ഫണ്ട് ഉപയോഗിച്ച് ബസുകൾ വാങ്ങുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി എപ്രകാരം നടപ്പാക്കാനാണ് ലക്ഷ്യമിടുന്നത് ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് എം.എൽ.എ.-മാരുടെ സഹകരണം എത്രത്തോളം പ്രയോജനപ്പെടുത്തുവാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) പ്രസ്തുത പദ്ധതിക്ക് 2015 മാർച്ച് 31-ന് മുൻപ് ഭരണാനുമതി ലഭ്യമാക്കാൻ സാധിക്കുമോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) പൊതുജനോപകാരപ്രദവും പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ളതുമായ മൂലധന സ്വഭാവമുള്ള സ്ഥിരമായ ആസ്തികളുടെ സൃഷ്ടിയാണ് ആസ്തിവികസന പദ്ധതിയിൻ കീഴിൽ ലക്ഷ്യമിടുന്നത്. ബസ്സ് വാങ്ങുന്ന പദ്ധതി ആസ്തി വികസന പദ്ധതിയുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമല്ലാത്തതിനാൽ ഇത്തരം ശിപാർശകൾ അനുവദനീയമല്ലായെന്ന് ധനകാര്യ വകുപ്പ് ഇപ്പോൾ അറിയിച്ചിട്ടുണ്ട്. ഇക്കാര്യം പുനഃപരിശോധിക്കണമെന്ന് ധനകാര്യ വകുപ്പിനോട് ആഭ്യർത്ഥിക്കുന്ന കാര്യം പരിഗണനയിലാണ്.

കണ്ടക്ടർമാരുടെ ശമ്പളസ്കെയിൽ

333 (339) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2004 സെപ്റ്റംബർ മാസം പി.എസ്.സി. അഡ്വൈസ് ലഭിച്ച് കെ.എസ്.ആർ.ടി.സി.-യിൽ നിയമിതരായ കണ്ടക്ടർമാർക്ക് ശമ്പളം നൽകിയത് ഏത് സ്കെയിലിലാണ് ;

(ബി) പി.എസ്.സി.-യിൽ നിന്ന് അഡ്വൈസ് ലഭിച്ച് നിയമിക്കപ്പെട്ടവർക്ക് ആദ്യം അഡ്വൈസ്ഡ് ഏംപാനൽ തലക്കെട്ടിൽ 110 രൂപ നിരക്കിലും പിന്നീട് മുൻകാല പ്രാബല്യം നൽകി അഡ്വൈസ് ലഭിച്ച് നിയമിക്കപ്പെട്ട ദിവസം മുതൽ ശമ്പള സ്കെയിൽ നൽകിയിരുന്നോ;

(സി) എങ്കിൽ പ്രസ്തുത കാലയളവിൽ കെ.എസ്.ആർ.ടി.സി.-യിൽ ജോലി നോക്കിയ കണ്ടക്ടർമാർക്ക് ശമ്പള സ്കെയിൽ നൽകിയപ്പോൾ ഇവിടെ നിന്നും ഡെപ്യൂട്ടേഷനിൽ പേഴ്സണൽ സ്റ്റാഫിലേക്ക് പോയ ആൾക്കും പ്രസ്തുത സ്കെയിലിൽ ശമ്പളം നൽകേണ്ടതല്ലേയെന്നത് വ്യക്തമാക്കുമോ?

ഉത്തരം

(എ) 3050-6075 സ്കെയിലിലാണ് ശമ്പളം നൽകിയിട്ടുള്ളത്.

(ബി) നൽകിയിരുന്നു.

(സി) ഡെപ്യൂട്ടേഷനിൽ പോകുന്ന വ്യക്തിക്ക് മാതൃവകുപ്പിൽ ലഭിച്ചുകൊണ്ടിരുന്ന ശമ്പള സ്കെയിലിൽ ശമ്പളം ലഭിക്കുന്നതിന് അർഹതയുണ്ട്.

കെ.എസ്.ആർ.ടി.സി. പെയിന്റർ ഗ്രേഡ് - II നിയമനം

334 (340) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. പെയിന്റർ ഗ്രേഡ് - II തസ്തികയിൽ താൽക്കാലിക നിയമനം വഴി എത്ര പേർ ജോലി ചെയ്യുന്നുണ്ട്; സ്ഥിരം നിയമനത്തിനുള്ള എത്ര ഒഴിവുകളാണ് നിലവിലുള്ളത് എന്ന് അറിയിക്കാമോ ;

(ബി) പി.എസ്.സി. മുഖാന്തരം ഈ തസ്തികയിൽ ഈ വർഷം എത്ര പേർക്കാണ് നിയമനം നൽകിയിട്ടുള്ളത്; ബാക്കിയുള്ള ഒഴിവുകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം.

(എ) കെ.എസ്.ആർ.ടി.സി. പെയിന്റർ ഗ്രേഡ്-II തസ്തികയിൽ താൽക്കാലിക നിയമനം വഴി ഏഴുപത് പേർ ജോലി ചെയ്യുന്നുണ്ട്. സ്ഥിര നിയമനത്തിനുള്ള ആറ് (6) ഒഴിവുകളാണ് നിലവിലുള്ളത്.

(ബി) പി.എസ്.സി. മുഖാന്തരം ഈ തസ്തികയിൽ ഈ വർഷം (2015) 3 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. പി.എസ്.സി.-യിൽ നിന്നും അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly